(ബി) ഉണ്ടെങ്കിൽ എന്നാണ് ;
(സി) പ്രസ്തുത പണി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഉദിക്കുന്നില്ല.

അകലകുന്നം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ്

108. [126] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലകുന്നം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;
(ബി) എത്രയുംവേഗം പ്രസ്തുത പണി ഏറ്റെടുത്ത് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്സ് എഞ്ചിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്തു നടത്താൻ തക്ക സാമ്പത്തിക സ്ഥിതിയല്ല പഞ്ചായത്തിനേറത്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുന്നതായിരിക്കും.

പഞ്ചായത്ത് വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പഞ്ചായത്ത് ജീവനക്കാരുടെ യോഗം

109. [127] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പഞ്ചായത്ത് വകുപ്പുമന്ത്രി വിളിച്ചു ചേർത്ത പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുടെ യോഗം മുഴുവൻ സംഘടനകളും ബഹിഷ്കരിക്കുകയുണ്ടായോ ;
(ബി) ചർച്ച ബഹിഷ്കരിക്കുന്നതിനുള്ള കാരണം എന്തായിരുന്നു ;
(സി) മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇന്നേവരെയുണ്ടാക്കിയ ചർച്ചകളിലെ തീർച്ചകളും ധാരണകളും ഒന്നും നടപ്പിലാക്കിയിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംഘടനാ പ്രതിനിധികൾ യോഗത്തിൽനിന്നും ഇറങ്ങി പോകുകയുണ്ടായി ;
(ബി) മുൻപ് നടത്തിയിട്ടുള്ള ചർച്ചകളിൽ എടുത്ത എല്ലാ തീരുമാനങ്ങളും ഇതിനകം നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചാണ്.
(സി) ഉണ്ട്.

തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർ

110. [128] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly